"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വരവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 89/1-5, 89/1-9 ൽപ്പെട്ട സ്ഥലത്തുനിന്നും പെട്രോൾ പമ്പ് നിർമ്മാണത്തിന്റെ ഭാഗമായി 11250 മെട്രിക് ടൺ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് ശ്രീ.കെ.ജി.ഡിക്സൺ, കുന്നത്ത് ഏനോക്കാരൻ ഹൗസ്, പി.ഒ. നെട്ടിശ്ശേരി, മുക്കാട്ടുകര, തൃശ്ശൂർ എന്നയാൾക്ക് 2015-ലെ കെ.എം.എം.സി(ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.438/2024/ID തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ(ഭേദഗതി) ചട്ടങ്ങൾ
2. തൃശ്ശൂർ സബ്കളക്ടറുടെ 12.10.2023-ലെ ഇ1/1236/2023 നമ്പർ നിരാക്ഷേപ പത്രം.
3. 27.10.2023-ലെ തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന്റെ DOTHR-DMG/1578/2023-M നമ്പർ കത്ത്.
4. 29.01.2024, 11.03.2024- ലെ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ ഡിഎംജി/3133/2023-എം2 നമ്പർ കത്ത്.
5. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 18270/2024 കേസിലെ 22.05.2024 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ, തലപ്പിള്ളി താലൂക്കിൽ, വരവൂർ വില്ലേജിൽ പെട്രോൾ പമ്പ് നിർമ്മാണത്തിന്റെ ഭാഗമായി കരിങ്കല്ല് നീക്കം ചെയ്യുന്നതിന് ശ്രീ. കെ.ജി. ഡിക്സൺ, കുന്നത്ത് ഏനോക്കാരൻ ഹൗസ്, പി.ഒ.നെട്ടിശ്ശേരി, മുക്കാട്ടുകര, തൃശ്ശൂർ എന്നയാൾ സമർപ്പിച്ച അപേക്ഷ കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം അനുമതി നൽകുന്നതിനായി ശിപാർശ ചെയ്തുകൊണ്ട് മൈനിംഗ് & ജിയോളജി ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വരവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 89/1-5, 89/1-9 ൽപ്പെട്ടതും സർവ്വശ്രീ. ഡിക്സൺ, റെയോൺ ഡിക്സൺ, ഡെയോൺ ഡിക്സൺ, റാണി ഡിക്സൺ എന്നിവരുടെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് പെട്രോൾ പമ്പ് നിർമ്മാണത്തിന്റെ ഭാഗമായി പാറക്കല്ലുകൾ (11250 MT) പൊട്ടിച്ച് കൂട്ടിയിട്ടത് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കും ട്രാൻസിറ്റ് പാസ്സുകൾക്കുമായി ശ്രീ.കെ.ജി.ഡിക്സൺ, കുന്നത്ത് ഏനോക്കാരൻ ഹൗസ്, പി.ഒ.നെട്ടിശ്ശേരി, മുക്കാട്ടുകര, തൃശ്ശൂർ എന്നയാൾ ജില്ലാ ജിയോളജി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ സ്ഥലത്ത് പാറ പൊട്ടിച്ച് കൂട്ടിയത് സംബന്ധിച്ച പരാതിയിന്മേൽ ജില്ലാ കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജി സ്ക്വാഡ് വിഭാഗം 04.09.2023 തീയതിയിൽ സ്ഥലപരിശോധന നടത്തുകയും, അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് പെട്രോൾ പമ്പ് നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് വരവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയ സ്ഥലമാണെന്നും, ടി സ്ഥലത്തുതന്നെ പാറക്കല്ലുകൾ പൊട്ടിച്ചുകൂട്ടിയിരിക്കുന്നതായി കാണുകയുണ്ടായെന്നും, വരവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.04.2023 തീയതിയിലെ SC2-BA(139191)2023 നമ്പർ ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ 16.05.2023 തീയതിയിൽ SC2-3063/01/2023-24 നമ്പരായി 3168 മെട്രിക് ടൺ സാധാരണ മണ്ണ് പെട്രോൾ പമ്പ് നിർമ്മാണത്തിന്റെ ഭാഗമായി നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ടി സ്ഥലം അളന്നു തിട്ടപ്പെടുത്തിയതിൽ ഏകദേശം 60 മീറ്റർ നീളത്തിലും 25 മീറ്റർ വീതിയിലും ശരാശരി 3 മീറ്റർ താഴ്ചയിലുമായി 4500

ക്യൂബിക് മീറ്റർ (11250 മെട്രിക് ടൺ) കരിങ്കല്ല് നീക്കംചെയ്ത് കൂട്ടിയിട്ടിരിക്കുന്നതായും പുറത്തേക്ക് കൊണ്ടുപോയിട്ടില്ലാത്തതുമാണ്. ടി സ്ഥലത്തുനിന്നും മണ്ണ് മാറ്റി നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ ഭൂമിക്ക് താഴെ കാണപ്പെടുന്ന കരിങ്കല്ലും, മട്ടിക്കല്ലും പൊട്ടിച്ച് നീക്കുന്നതിന് തൃശ്ശൂർ സബ് കളക്ടർ പരാമർശം(2) നിരാക്ഷേപപത്രം നൽകിയിട്ടുള്ളതാണ്. ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തിയുടെ ഭാഗമായി ലഭ്യമായ സാധാരണ മണ്ണും, കരിങ്കല്ലും നീക്കം ചെയ്യുന്നതിനുള്ള അനുമതി സമ്പാദിക്കുന്നതിനും അനുമതിപത്രവും ട്രാൻസിറ്റ് പാസ്സുകളും സമ്പാദിക്കുന്നതിനും സ്ഥല ഉടമകൾ അപേക്ഷകന് സമ്മതം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പെട്രോൾ പമ്പ് നിർമ്മാണത്തിന്റെ ഭാഗമായി അപേക്ഷാ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന 11250 മെട്രിക് ടൺ കരിങ്കല്ല് നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. ശ്രീ. കെ.ജി. ഡിക്സൺ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC No. 18270/2024 കേസിന്റെ 22.05.2024 തീയതിയിലെ പരാമർശം(5) വിധിന്യായത്തിൽ, ശ്രീ. കെ.ജി. ഡിക്സൺ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം സമർപ്പിച്ച അപേക്ഷ കൈകാര്യം ചെയ്യുന്ന A3/25/2024 ഫയലിൽ 22.05.2024 തീയതി മുതൽ മൂന്നാഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും തൃശ്ശൂർ സബ്കളക്ടറുടെ നിരാക്ഷേപ പത്രത്തിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വരവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 89/1-5, 89/1-9 ൽപ്പെട്ട സ്ഥലത്തുനിന്നും പെട്രോൾ പമ്പ് നിർമ്മാണത്തിന്റെ ഭാഗമായി 11250 മെട്രിക് ടൺ കരിങ്കല്ല് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ.കെ.ജി.ഡിക്സൺ, കുന്നത്ത് ഏനോക്കാരൻ ഹൗസ്, പി.ഒ. നെട്ടിശ്ശേരി, മുക്കാട്ടുകര, തൃശ്ശൂർ എന്നയാൾക്ക് 2015-ലെ കെ.എം.എം.സി(ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം പ്രത്യേകാനുമതി നൽകിയും, അപ്രകാരം പരാമർശം(5) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

1. അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് പാറ ഖനനം ചെയ്യാൻ പാടുള്ളതല്ല.

2. ഈ അനുമതിയോടൊപ്പം അനുവദിക്കുന്ന മിനറൽ ട്രാൻസിറ്റ് പാസുകൾ ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള വ്യക്തമായ രേഖപ്പെടുത്തലോടുകൂടി നൽകേണ്ടതാണ്. അനുവദിച്ച അളവിൽ കവിഞ്ഞ് ധാതു നീക്കംചെയ്യാൻ തുടരനുമതി നൽകുന്നതല്ല.

3. ഈ അനുമതി പ്രകാരമുള്ള പാസ് ഉപയോഗിച്ച് മറ്റ് സ്ഥലങ്ങളിൽ നിന്നും ഖനനം ചെയ്ത ധാതു വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോകാൻ പാടുള്ളതല്ല.

4. ഈ അനുമതിയിൽ പറഞ്ഞിരിക്കുന്ന അളവ് ധാതു നീക്കംചെയ്തു കഴിയുന്ന മുറയ്ക്കോ കാലാവധി അവസാനിക്കുന്ന മുറയ്ക്കോ (ഏതാണോ ആദ്യം, അതുപ്രകാരം) ധാതു നീക്കം പൂർണ്ണമായും അവസാനിപ്പിക്കേണ്ടതാണ്.

5. റോഡ് നാശോന്മുഖമാക്കാത്ത തരത്തിലും, പൊതുജനങ്ങൾക്കും മറ്റും ഉപദ്രവമില്ലാത്ത രീതിയിലും പരിസരവാസികൾക്ക് പരാതിക്കിടവരാത്ത രീതിയിലുമായിരിക്കണം ധാതു നീക്കം ചെയ്യേണ്ടത്.

6. ഈ അനുമതി പ്രകാരം നീക്കംചെയ്യുന്ന ധാതു നീർത്തടങ്ങൾ, നിലങ്ങൾ, കൺസർവേഷൻ ഓഫ് പാഡി ലാൻഡ് & വെറ്റ് ലാൻഡ് ആക്ട് 2008 ഉൾപ്പെടെയുള്ള നിയമപ്രകാരം നിരോധനം പ്രാബല്യത്തിൽ ഉള്ള

സ്ഥലങ്ങൾ എന്നിവയിൽ നിക്ഷേപിക്കുന്നതിനോ, അവ നികത്തുന്നതിനോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

7. ഈ അനുമതി പ്രകാരമുള്ള പാസ് ഉപയോഗിച്ച് ധാതു നീക്കം ചെയ്യുന്നത് രാവിലെ 6 മണിക്കും വൈകുന്നേരം 5 മണിക്കും ഇടയിലുള്ള സമയത്ത് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

8. തൃശ്ശൂർ ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

9. ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ KMMC ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
സബ്കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസ്, തൃശ്ശൂർ
ജില്ലാ ജിയോളജിസ്റ്റ്, തൃശ്ശൂർ
ശ്രീ.കെ.ജി.ഡിക്സൺ, കുന്നത്ത് ഏനോക്കാരൻ ഹൗസ്, പി.ഒ. നെട്ടിശ്ശേരി, മുക്കാട്ടുകര, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 07-06-2024 15:45:44
സെക്ഷൻ ഓഫീസർ